**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണം. - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF)നിന്നും 38.736 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(കൈ) നം.200/2020/തസ്വഭവ തിരുവനന്തപുരം, തീയതി,24/12/2020**

---

പരാമർശം:-1. ബഹു: തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 11/12/2019 ലെ യോഗത്തിലെ തീരുമാനം

2.09/01/2020 ലെ സ.ഉ (കൈ) നമ്പർ: 13/2020/തസ്വഭവ.

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19/08/2020 ലെ ഡിബി4/531/CMLRRP/2020/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതുമായ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്നും 1000 കോടി രൂപാ ലഭ്യമാക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ഇതേ തുടർന്ന് പരാമർശം (2)പ്രകാരം പ്രളയത്തിൽ തകർന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും, റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കായി (CMLRRP) അനുവദിച്ച് ഉത്തരവായിരുന്നു. ഇപ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് 5000-ത്തിൽ അധികം റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് വിവിധ ഘട്ടങ്ങളിലായി നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്ക് കീഴിൽ മേൽ പ്രവൃത്തികളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്.

പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ പുന:നിർമ്മാണ ത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കാൻ തീരുമാനിച്ചിരുന്ന 1000 കോടി രൂപയിൽ നിന്ന് ഇതിനോടകം അനുവദിച്ച 961.264 കോടി രൂപ കഴിച്ച് ശേഷിക്കുന്ന 38.736 കോടി രൂപ അനുവദിക്കാൻ പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു. 38.736 കോടി രൂപ കൂടി CMLRRP യ്ക്കായി അനുവദിക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ്എൻജിനീയറുടെ അഭ്യർത്ഥന അംഗീകരിക്കാവുന്നതാണെന്ന് ധനകാര്യ-റവന്യൂ വകുപ്പുകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനായി, മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയ്ക്ക് (CMLRRP) കീഴിൽ 38.736 കോടി രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ തുക തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് അനുവദിച്ച് നൽകുന്നതിനായി റവന്യൂ (ഡി ആർ എഫ്) വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL SECRETARY

റവന്യൂ (ഡിആർഎഫ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്/എൽ ബി എ & എ) തിരുവനന്തപുരം
ട്രഷറി ഡയറക്ടർ
പൊതുഭരണ (എസ്.സി) വകുപ്പ് {ഇനം നമ്പർ: 4439 തീയതി: 24.12.2020)
ഡയറക്ടർ,വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

4439

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ.ഡബ്യൂ.ബി2/ 4/ 2020/ തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ(ഇ.ഡബ്യൂ.ബി) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 31.10.2020 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii). ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. ചേർത്തിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. യു.വി.ജോസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/ 12/ 2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/ 12/ 2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.സി.മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.12.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.12.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പുന:നിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള പണം വിനിയോഗിച്ച് നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുവാൻ തീരുമാനിച്ച 1000 കോടി രൂപയിൽ ഇതിനോടകം അനുവദിച്ച 961.264 കോടി രൂപ കഴിച്ച് ശേഷിക്കുന്ന 38.736 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനർ നിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 1000 കോടി രൂപ ലഭ്യമാക്കുന്നതാണ് എന്ന് 11.12.2019-ൽ ചേർന്ന യോഗത്തിൽ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചിരുന്നു. തുടർന്ന് 07.01.2020 ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 09.01.2020 തീയതിയിലെ സഉ(കൈ):നമ്പർ 13/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കാനും ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും നിയന്ത്രണത്തിലുള്ള 11880.402 കി.മി റോഡ് പുനർനിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 961.264 കോടി രൂപ അനുവദിക്കുവാനും തീരുമാനമായി. തുടർന്ന് വിവിധ ഘട്ടങ്ങളിലായി താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഏകദേശം 5000-ത്തിൽ അധികം റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് (961.264 കോടി രൂപക്ക്) നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | സർക്കാർ ഉത്തരവ് | ഉത്തരവ് തീയതി |
|---|---|---|
| 1 | സഉ(കൈ)നമ്പർ: 49/2020/തസ്വഭവ | 18/03/2020 |
| 2 | സഉ(കൈ)നമ്പർ: 71/2020/തസ്വഭവ | 04/05/2020 |
| 3 | സഉ(സാധാനമ്പർ: 1300/2020/തസ്വഭവ | 01/07/2020 |
| 4 | സഉ(കൈ)നമ്പർ: 114/2020/തസ്വഭവ | 29/07/2020 |
| 5 | സഉ(കൈ)നമ്പർ: 141/2020/തസ്വഭവ | 18/09/2020 |
| 6 | സഉ(കൈ)നമ്പർ: 156/2020/തസ്വഭവ | 16/10/2020 |
| 7 | സഉ(കൈ)നമ്പർ: 166/2020/തസ്വഭവ | 30/10/2020 |

| | | |
|---|---|---|
| 8 | സഉ(കൈ)നമ്പർ: 174/2020/തസ്വഭവ | 05/11/2020 |

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്ക് കീഴിൽ മേൽ പ്രവൃത്തികളുടെ നിർവ്വഹണം ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്.

പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ പുനഃനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്ന 1000 കോടി രൂപയിൽ നിന്ന് ഇതിനോടകം അനുവദിച്ച 961.264 കോടി രൂപ കഴിച്ച് ശേഷിക്കുന്ന 38.736 കോടി രൂപ അനുവദിക്കവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ, റവന്യൂ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞു. തുക അനുവദിക്കുവാനുള്ള ശിപാർശക്ക് അനുമതി നൽകുന്നതായി ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പ് ഇപ്രകാരം അറിയിച്ചു.

"റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതും പുനർനിർമ്മിക്കേണ്ടതുമായ 11880.402 കീ.മി റോഡുകൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 961.264 കോടി രൂപ അനുവദിച്ചതിനു പുറമേ 38.736 കോടി രൂപ കൂടി അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. അതിനാൽ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിച്ച് അംഗീകാരം നേടിയ ശേഷം, ഉത്തരവ് പുറപ്പെടുവിച്ച് ആയത് സഹിതം തുക അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ ഈ വകുപ്പിലേക്ക് നൽകുവാൻ അറിയിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ മടക്കി നല്കുന്നു."

'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക്' വേണ്ടി 38.736 കോടി രൂപ കൂടി അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ റവന്യൂ വകുപ്പിന്റെ ഫയലിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

'മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി'ക്ക് വേണ്ടി ഇതിനോടകം അനുവദിച്ചിട്ടുള്ള 961.264 കോടി രൂപക്കു പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 38.736 കോടി രൂപ കൂടി അനുവദിക്കാവുന്നതാണോ?

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2020

ഫയൽ നം. ഇ.ഡബ്ല്യു.ബി2./4/2020/തസ്വഭവ. ഇനം നം: 4439

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.